**M 26606**

Reg. No. : ..............................

Name : ..............................

**I Semester M.A./M.Sc./M.Com. Degree (Reg./Supple./Improve.) Examination, November 2014**
**MALAYALAM LANGUAGE AND LITERATURE**
**(2014 Admn. Under CBSS)**
**MAL 1 C04 : Linguistics**

Time : 3 Hours Max. Marks : 80

I. **ഈരണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) ആനുവംശികമായി ഭാഷകളെ വിഭജിക്കുന്നത് ഏതടിസ്ഥാനത്തിലാണ് ? ഇന്ത്യൻ ഭാഷകൾ ഏതേതു വംശങ്ങളിൽ പെടുന്നുവെന്ന് വ്യക്തമാക്കുക.

2) ഏകകാലികം, ബഹുകാലികം എന്നീ ഭാഷാപഗ്രഥന രീതികൾ വിശദീകരിക്കുക.

3) സ്വതന്ത്രരൂപിമം, ബദ്ധരൂപിമം എന്നിവ നിർവചിച്ച് ഉദാഹരണ സഹിതം വിവരിക്കുക.

4) വാക്യഘടനാപഗ്രഥനത്തിൽ ഘടനാത്മക സമീപനത്തിനുള്ള പ്രസക്തി വെളിപ്പെടുത്തുക.

5) മാനകഭാഷ എന്നാൽ എന്ത് ? അതിന്റെ ആവശ്യകതയും പ്രസക്തിയും ചൂണ്ടിക്കാട്ടുക. **(5x4=20)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) A) സ്വനിമനിർണയനത്തിലെ അപഗ്രഥന രീതികൾ പൈക്കിന്റെ സിദ്ധാന്തങ്ങളെ ആധാരമാക്കി നിരൂപിക്കുക.

**അല്ലെങ്കിൽ**

B) അക്ഷരം (Syllable) എന്ന സങ്കൽപത്തെ കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങൾ വിവരിക്കുക.

P.T.O.

7) A) സാമൂഹികഭാഷാശാസ്ത്രത്തിലെ പഠനമേഖലകളും അന്വേഷണ രീതികളും സാമാന്യമായി അവലോകനം ചെയ്യുക.

**അല്ലെങ്കിൽ**

B) സ്വനനിയമമനുസരിച്ച് മലയാളത്തിലെ സ്വനിമങ്ങളെ വിവരിക്കുക.

8) A) രൂപസിദ്ധി (Inflexion), നിഷ്പാദനം (Derivation) എന്നിവ സോദാഹരണം വിവരിച്ച് ഇവക്കു തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമെന്നു പരിശോധിക്കുക.

**അല്ലെങ്കിൽ**

B) ആദാനം (Borrowing) മലയാള ഭാഷക്ക് എത്രത്തോളം ഗുണകരമായിത്തീർന്നിട്ടുണ്ടെന്ന് വിവരിക്കുക.

9) A) നവീനവാക്യഘടനാസിദ്ധാന്തങ്ങൾ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

B) മലയാളഭാഷയുടെ വളർച്ചയിൽ പത്രങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കുക.

10) A) ലാളിത്യത്തിൽ നിന്ന് സങ്കീർണതയിലേക്കാണ് ഭാഷയുടെ വളർച്ച എന്ന സിദ്ധാന്തത്തെ ശിശു ഭാഷാസമാർജ്ജനം സാധൂകരിക്കുന്നുണ്ടോ ? പരിശോധിക്കുക.

**അല്ലെങ്കിൽ**

B) അർത്ഥവിജ്ഞാനത്തിന്റെ അടിസ്ഥാന സങ്കൽപനങ്ങൾ പരിചയപ്പെടുത്തുക.

**(5×6=30)**

III. **ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) A) മലയാള ഭാഷയുടെ ക്ലാസിക്കൽ പദവിയെ മുൻനിർത്തിയുള്ള വാദപ്രതിവാദങ്ങൾ സംഗ്രഹിച്ച് സ്വമതം രേഖപ്പെടുത്തുക.

**അല്ലെങ്കിൽ**

B) മാതൃഭാഷയുടെ പ്രാഥമ്യത്തിനുവേണ്ടിയുള്ള സമരത്തിൽ മലയാളം നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുക.



12) A) മലയാളഭാഷാഗവേഷണരംഗത്തെ പുതിയ മുന്നേറ്റങ്ങളെക്കുറിച്ച് ശാസ്ത്രീയമായി അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

B) 'നവമാധ്യമങ്ങൾ മലയാള ഭാഷയുടെ വളർച്ചയിൽ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട് '– ഉപപാദിക്കുക.

13) A) മലയാളം കമ്പ്യൂട്ടിംഗിന്റെ ചരിത്രം വിവരിക്കുക.

**അല്ലെങ്കിൽ**

B) വിവരസാങ്കേതിക വിദ്യയും മലയാള ഭാഷാപഠനവും ഒന്നിക്കേണ്ടതിന്റെ ആവശ്യകത വിസ്തരിച്ചു പ്രതിപാദിക്കുക. **(3×10=30)**

---